**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൽപറ്റ മണ്ഡലത്തിൽ ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഭൂരഹിതരായവർക്ക് ഭൂമി പതിച്ച് നൽകുന്നതിനും വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഭൂമിയും വീടും ഇല്ലാത്ത ഭൂരഹിതർക്ക് ലൈഫ് മിഷൻ മുഖേന വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 1.01.77 ന മുമ്പ് വനഭൂമി കൈവശം വെച്ച് വന്നിരുന്നവർക്ക് 1993 ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മറ്റ് അർഹരായവർക്ക് മുൻസിപ്പാലിറ്റി ഏര്യായിൽ 1995 ലെ ചട്ടപ്രകാരവും പഞ്ചായത്ത് ഏര്യായിൽ 1964 ലെ ഭൂ പതിവുചട്ടപ്രകാരവും ഭൂമി പതിച്ചു നൽകി വരുന്നുണ്ട്. ജന്മാവകാശമുള്ള ഭൂമിക്ക് ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ മുഖേനയും പട്ടയം നൽകി വരുന്നുണ്ട്. |
| (ബി) | ഭൂമി പതിച്ച് നൽകുന്നതിനാവശ്യമായ ജോയിന്റ് വെരിഫിക്കേഷൻ നടപടിക്രമങ്ങളും സർവ്വെയും സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1.1.77 ന മുമ്പ് കൈവശമുള്ള വനഭൂമിയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 664 അപേക്ഷകൾ സംയുക്ത പരിശോധനയിൽ അംഗീകരിച്ചു. വനം വകുപ്പിൽ നിന്ന് സ്കെച്ച് ഒപ്പ് വെച്ച് ലഭിച്ചിട്ടില്ല. 30.09.2021 നകം സ്കെച്ച് ഒപ്പ് വെച്ച് നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വനം വകുപ്പ് സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് സ്കെച്ച് റിവൈസ് ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് ഒപ്പ് വെച്ച സ്കെച്ച് ലഭ്യമാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്പ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായ ഏതെങ്കിലും വില്ലേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ നൽകാമോ? | (സി) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മൂപ്പൈനാട്, വെള്ളരിമല, കോട്ടപ്പടി, തൃക്കൈപ്പറ്റ എന്നീ വില്ലേജുകളിലാണ് 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചു വരുന്നവർക്കുള്ള പട്ടയം നൽകുന്നതിന് ( 1993 ലെ സ്പെഷ്യൽ റൂൾസ് പ്രകാരം) ജോയിന്റ് വെരിഫിക്കേഷൻ നടത്തിയത്. പ്രസ്തുത വില്ലേജുകളിലെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ